"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബേക്കൽ ഇന്റർനാഷണൽ ബീച്ച് ഫെസ്റ്റിവൽ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.58/2026/LSGD തീയതി,തിരുവനന്തപുരം, 08-01-2026

---

പരാമർശം:- 1. ഉദുമ എംഎൽഎ സമർപ്പിച്ച 05.12.2025 തീയതിയിലെ കത്ത്.

**<u>ഉത്തരവ്</u>**

2025 ഡിസംബർ 20 മുതൽ 31 വരെ കാസറഗോഡ് ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ഉദുമ നിയോജകമണ്ഡലത്തിലെ ബേക്കൽ ബീച്ച് കേന്ദ്രീകരിച്ച് നടത്തുന്ന ഇന്റർനാഷണൽ ബീച്ച് ഫെസ്റ്റിവലിന്റെ മൂന്നാമത് എഡിഷന്റെ വിജയകരമായ നടത്തിപ്പിനായി തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഉദുമ എംഎൽഎ പരാമർശം കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 ഡിസംബർ 20 മുതൽ 31 വരെ നടത്തുന്ന ബേക്കൽ ഇന്റർനാഷണൽ ബീച്ച് ഫെസ്റ്റിവലിന്റെ വിജയകരമായ നടത്തിപ്പിനായി കാസറഗോഡ് ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും, ജില്ലാ പഞ്ചായത്ത് ₹5,00,000/-(അഞ്ചു ലക്ഷം രൂപ മാത്രം) , ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, ഉദുമ മണ്ഡലത്തിലെ 8 പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നിന്നും ₹1,00,000/-(ഒരു ലക്ഷം രൂപ മാത്രം) വീതവും, ജില്ലയിലെ മറ്റു ഗ്രാമപഞ്ചായത്തുകളിൽ നിന്നും ₹50,000/-(അൻപതിനായിരം രൂപ മാത്രം) വീതവും അവരവരുടെ തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 12-01-2026 11:39:56

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.